# എസ് എൻ യു പി എസ് കൊല്ലായിൽ

**പാലോട് ഉപജില്ല**

**ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ല**

**തിരുവനന്തപുരം ജില്ല**

**Ph: 9447906567 (HM)**
**Email: snupskollayil@gmail.com**

SNUPS KOLLAYIL

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 – 26

# ഉള്ളടക്കം


ആമുഖം
പ്രതീക്ഷിച്ച നേട്ടങ്ങൾ ആശയങ്ങൾ
ലക്ഷ്യങ്ങൾ
മലയാളം
ഇംഗ്ലീഷ്
ഹിന്ദി
സയൻസ്
സാമൂഹ്യ ശാസ്ത്രം
ഗണിതം
അറബിക്
സംസ്കൃതം
ഉർദു


SNUPS KOLLAYIL

# ആമുഖം

തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കൊല്ലായിൽ എന്ന മലയോര ഗ്രാമത്തിലാണ് എസ് എൻ യു പി എസ് സ്ഥിതി ചെയ്യുന്നത്. സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായി പിന്നാക്കം നിന്നിരുന്ന ഒരു ജനവിഭാഗത്തിന്റെ സമഗ്രമായ ഉന്നമനം ലക്ഷ്യം വെച്ചുകൊണ്ട് 1962 ൽ യശശരീരനായ വേലായുധൻ മുതലാളി അവർകളാണ് നമ്മുടെ വിദ്യാലയം സ്ഥാപിച്ചത്. 1962-ൽ അന്നത്തെ കേരള മുഖ്യമന്ത്രിയായിരുന്ന ആർ ശങ്കർ അവർകൾ ഭദ്രദീപം കൊളുത്തി നാടിനു സമർപ്പിച്ചു. 100 കുട്ടികളും 5 അധ്യാപകരുമാണ് തുടക്ക സമയത്ത് സ്കൂളിൽ ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് 678 കുട്ടികളും 24 അധ്യാപകരും ഒരു ഓഫീസ് അറ്റൻഡറും ഉൾപ്പെടെ പഞ്ചായത്തിലെ ഏറ്റവും വലിയ എയ്ഡഡ് വിദ്യാലയമായി നമ്മുടെ വിദ്യാലയം മാറിയിട്ടുണ്ട്

ശ്രീമതി രാധാമണി മാനേജരായിട്ടുള്ള നമ്മുടെ വിദ്യാലയം പാഠ്യപാഠ്യേതര രംഗത്ത് മികവിൽ നിന്നും മികവിലേക്ക് മുന്നേറുകയാണ്. 5,6,7 ക്ലാസുകളിലായി 18 ഡിവിഷനുകളാണ് നിലവിൽ വിദ്യാലയത്തിലുള്ള. ഇക്കഴിഞ്ഞ ശാസ്ത്രോത്സവത്തിലും കലോത്സവത്തിലും സബ്ജില്ലയിൽ ഒന്നാം സ്ഥാനം നിലനിർത്താൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. 2024-25 വർഷത്തെ യു എസ് എസ് പരീക്ഷയിൽ 36 കുട്ടികൾക്ക് സ്കോളർഷിപ്പ് നേടാനായതിൽ വിദ്യാലയത്തിലെ ഓരോരുത്തർക്കും അതിയായ ചാരിതാർത്ഥ്യം ഉണ്ട് .

SNUPSKOLLAYIL

<u>**പ്രതീക്ഷിത നേട്ടങ്ങൾ**</u>

## ആശയങ്ങൾ

- പാഠ്യപാഠ്യേതര രംഗത്ത് വളരെ മുന്നിലാണെങ്കിലും ഭൗതിക സാഹചര്യങ്ങൾ കുറച്ചുകൂടി മെച്ചപ്പെടേണ്ടതായുണ്ട്.
- വിവരസാങ്കേതിക വിദ്യാധിഷ്ഠിത പഠനം കാര്യക്ഷമമായി നടക്കുന്നുവെങ്കിലും അതിനു കൂടുതൽ സൗകര്യം ഉറപ്പിക്കുന്നതിനായി ഒരു മൾട്ടിമീഡിയ ക്ലാസ്സ് റൂമിന്റെ അഭാവം നിലവിലുണ്ട്. അത് പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ട്.
- നിലവിൽ മികച്ച രീതിയിൽ ലാബ് പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും ലാബിന്റെ നവീകരണം നടത്തുകയെന്നതും ഈ അധ്യയന വർഷത്തിലെ പ്രതീക്ഷിത നേട്ടങ്ങളിൽ ഒന്നാണ്.

ഭൗതിക സാഹചര്യങ്ങളിലും അക്കാദമിക അനക്കാദമിക കാര്യങ്ങളിലും കൂടുതൽ മികവിലേക്ക് ഉയരുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് 2025 26 അധ്യായ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

SNUPS KOLLAYIL

# ലക്ഷ്യങ്ങൾ

- ഭാഷാപരമായ ശേഷികൾ കൈവരിക്കാതെ ഒരു കുട്ടി പോലും തുടർ വിദ്യാഭ്യാസത്തിനായി പോകാതിരിക്കുക. അതിനായി തുടക്കത്തിൽ തന്നെ അത്തരം കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ട തുടർപഠനങ്ങൾ ഉറപ്പുവരുത്തും.

- കലാപരവും കായികപരവുമായ കഴിവുകളുള്ള കുട്ടികൾക്ക് പ്രാദേശികമായ വ്യക്തികളുടെ സഹായം ഉൾപ്പെടെ സ്വീകരിച്ചു കൊണ്ട് അവരെ ഉയർത്തിക്കൊണ്ടു വരാൻ ശ്രമിക്കും.

SNUPS KOLLAYIL

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹനങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു | എല്ലാദിവസവും | മലയാളം അധ്യാപകർ | |

SNUPS KOLLAYIL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:**<br>• നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | • എല്ലാദിവസവും രക്ഷിതാക്കളുടെ സാന്നിദ്ധ്യത്തിൽ വാർത്തകൾ വായിച്ചിടുന്നു. | ദിവസേന | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| | • അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ. ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |

SNUPS KOLLAYIL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3. സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | **സംവാദം/മുഖാമുഖം:**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖം സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു.<br>• ആഴ്ചയിൽ ഒരു പുസ്തകം പരിചയപ്പെടുത്തുന്നു<br>• വായനാക്കുറുപ്പ് തയ്യാറാക്കുന്നു | വർഷത്തിൽ രണ്ട് പ്രാവശ്യം<br><br>ആഴ്ചയിൽ ഒരു ദിവസം | ഹെഡ് മാസ്റ്റർ, മലയാളം അധ്യാപകർ | പി ടി എ |
| 4. മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്താലും | **ഇ–കമ്പ്യൂട്ടറിംഗ്**<br>മുഴവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു<br><br>മുഴവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | രണ്ട് വർഷം<br><br>വർഷാവസാനം | മലയാളം, ഐ ടി അധ്യാപകർ<br><br>മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |

SNUPS KOLLAYIL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, കാവ്യകേളി, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി ടി എ |
| 6. കുട്ടികളുടെ കിളികൊഞ്ചൽ റേഡിയോ അവതരണ മികവ്. | **കിളികൊഞ്ചൽ റേഡിയോ:**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ്സ് ലീഡർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി ടി.എ |

SNUPS KOLLAYIL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| .<br><br>7. പഠിതാവിന്റെ എഴുതാനുള്ള കഴിവ് പരിപോഷിപ്പിക്കുക. | • വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>• ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു.<br>• കുട്ടികളുടെ സർഗാത്മക കഴിവുകൾ അവതരിപ്പിക്കുന്നു.<br>**എഴുത്തിലേക്ക്**<br>• പത്ര വാർത്തകൾ എഴുതുകയും അത് വായിക്കുകയും തെറ്റുകൾ സ്വയം തിരിച്ചറിഞ്ഞ് തിരുത്താനും അവസരം | പ്രതിദിനം | ക്ലാസ് ലീഡർ, മലയാളം അധ്യാപകർ | അമ്മ മലയാളം പി.ടി.എ |

SNUPS KOLLAYIL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 8. കുട്ടിയുടെ ഭാഷാപരമായ മികവ് മറ്റുള്ളവരിലേക്ക് എത്തിക്കൽ | • അന്നന്ന് നടന്ന കാര്യങ്ങൾ ഡയറിയായ് എഴുതി തയ്യാറാക്കി അവതരിപ്പിക്കുന്നു.<br><br>• കുട്ടികളുടെ കൈയക്ഷരം മെച്ചപ്പെടുത്തുന്നതിന് കൈയക്ഷരം മത്സരം സംഘടിപ്പിക്കുന്നു.<br><br>ഓരോ ടേമിലും (ഓണം , ക്രിസ്മസ് ,വാർഷികം) കുട്ടികൾ തയ്യാറാക്കിയ കവിതകൾ, കഥകൾ, ലേഖനങ്ങൾ etc തുടങ്ങിയവ ഉൾപ്പെടുത്തി പതിപ്പുകൾ തയ്യാറാക്കുന്നു. | ഒരു വർഷം | മലയാളം അധ്യാപകൻ | അമ്മ മലയാളം |

SNUPS KOLLAYIL

# ENGLISH

**AIM:** To develop proficiency in Listening, Speaking, Reading and writing English

**Duration:** June – March

SNUPS KOLLAYIL

| Objectives | Activities | Time taken | Action by | Expenses |
|---|---|---|---|---|
| **<u>Pre Test</u>**<br>Check the writing, reading and vocabulary skill of the learners.<br><br>Identifying the slow learners. Extending support to them. | • Cross word Puzzles<br>• Flash cards<br>• Dictionary<br>• Running Dictation | June | English Teachers | |
| **Formation of English Club** | • Providing separate activities for 5th 6th 7th standard students<br>• essay writing<br>• Interview<br>• Recitation | June | English Teachers | |
| **<u>Reading</u>**<br>Formation of English library(Mini library) in each classroom | Collecting maximum English reading materials for all level of learners | June | English Teachers | |

SNUPS KOLLAYIL

| Objectives | Activities | Time taken | Action by | Expenses |
|---|---|---|---|---|
| Encourage Independent reading for all level of the learners. | • Developing various reading cards for all type of learners from simpler to complex.<br>• Guided reading sessions Group discussion. | Round a year | English Teachers, Club members, Parents | |
| To encourage reading for slow learners. | Dividing the text into smaller portion and set a specific goal for each paragraph. Ask students to note out two letters, three letters..... into the note book and read. | Round a year | Club members, Parents, Teachers | |
| **Honouring best Reader of the month from all level learners** | • Creating separate whatsapp group for slow learners for providing more help in reading. | Every month | Teachers, Club members | |

SNUPS KOLLAYIL

| Objectives | Activities | Time taken | Action by | Expenses |
|---|---|---|---|---|
| **<u>Writing</u>**<br>Enhance writing abilities focusing on grammar and punctuations. | Providing activities based on T.B- speech, newspaper report, letter writing, poster and Placard making, writing poems. | Through out the year | English Teachers, Club members | |
| Improve writing skill of slow learners. | -Copy writing<br>-Hand writing practice | Through out the year | | |
| **Display of white board** | - Vocabulary<br>- Quotes<br>-Thought of the day | July | Club members, Teachers | |
| **English Assembly** | -Prayer<br>-Pledge<br>-News reading<br>-Thought of the day | Every month | Club members | |

SNUPS KOLLAYIL

| Objectives | Activities | Time taken | Action by | Expenses |
|---|---|---|---|---|
| **<u>Listening</u>**<br>Improve listening skill for better understanding and communication. | Listening to the audio books, teachers reading and following along with the T.B.<br><br>Watching and discussing educational videos, News reading etc. | Round the year | English Teachers, Club members | |
| Improve listening skill of slow learners. | Listening exercises from the T.B, dictation, fill in the blanks.<br>Pair work, Group<br>- discussion<br>- role plays<br>-Visual aids such as videos, pictures and diagrams | | | |
| **<u>Speaking</u>**<br>Build confidence and fluency in spoken English. | Regular class discussions based on TB. | Round the year | Club members, Teachers | |

SNUPS KOLLAYIL

| Objectives | Activities | Time taken | Action by | Expenses |
|---|---|---|---|---|
| To improve speaking skill for slow learners. | • Create flash cards with common vocabulary words and pictures.<br>• Practice regularly to build vocabulary.<br>• Providing worksheet. | Through out year | English Teachers, Club members | |
| **Dictionary Making** | Collecting glossary words and classify alphabetically.<br><br>For fifth standard<br>Collecting glossary words classify alphabetically from each chapter and write word meaning.<br><br>For sixth and seventh standard<br>Collecting glossary words alphabetically and write meaning and two synonyms of that word and a sentence. | End of the year | Club members, Students | |

SNUPS KOLLAYIL

| Objectives | Activities | Time taken | Action by | Expenses |
|---|---|---|---|---|
| **Choreography** | Writing the poem and understanding its main theme and stanza wise and presents. | End of the year | Students | |
| **Skit** | • Writing a script<br>• Fixing characters and events<br>• stage decoration<br>• Presentation | End of the year | Students | |
| **Role play** | • Identify the situation<br>• Assign Roles<br>• Act out | End of the year | Students | |

SNUPS KOLLAYIL

| Objectives | Activities | Time taken | Action by | Expenses |
| --- | --- | --- | --- | --- |
| **Puppet show** | • Writing a script<br>• Make the puppets according to the characters in the script<br>• Create a stage<br>• Practice talking in the puppet voice<br>• Preform | End of the year | Students | |
| ICT enabled education | E-cube Activities | Through out the year | Teachers and Students | |

SNUPS KOLLAYIL

| മേഖല യു.പി. ഹിന്ദി | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1) യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | 1. പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കുക. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, സിഡിയിൽ അക്ഷര രചന കാണിക്കൽ, വാക്കുകൾ എഴുതിയ കാർഡുകൾ എന്നിവ. | ജൂൺ മുതൽ ആഗസ്റ്റ് വരെ | ഹിന്ദി അധ്യാപകർ | |
| 2) <u>ഹിന്ദി വായന</u> തെറ്റ് കൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം ചെയ്യും | 2. നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സിഡി (ഹിന്ദി വാക്യമുള്ളവ) കാണിക്കും. | സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി അധ്യാപകർ | |

SNUPS KOLLAYIL

| | | | | |
|---|---|---|---|---|
| 3) <u>**ഹിന്ദി സംസാരം**</u><br>ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കും, നിത്യ ജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷാ പരിചയപ്പെടുത്തും. | 3. ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവന്ന കുട്ടികളുമായി സംസാരിക്കാനുള്ള അവസരം കൊടുക്കുന്നു .<br><br>വായനക്ക് :<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും. കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും. മത്സര വായന തെറ്റാതെ ആവർത്തിക്കാതെ കൂടുതൽ വരികൾ വായിക്കുന്ന കുട്ടിക്ക് സമ്മാനം നൽകും.<br>ഹിന്ദി അസംബ്ലി ദിനാചരണങ്ങൾ ക്ലാസ് ലൈബ്രറി ചിത്ര സഹായത്തോടെ ചിത്രകഥകൾ തയ്യാറാക്കൽ ഹിന്ദി ക്ലാസ് | നവംബർ മുതൽ ഫെബ്രുവരി | | |

SNUPSKOLLAYIL

| | | | | |
|---|---|---|---|---|
| | പ്രവർത്തനങ്ങൾ . | | | |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ | **നിശാഗന്ധി ജൈവ ജൈ വൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം , പച്ചക്കറിത്തോട്ടം , ശലഭോദ്യാനം, കുളം ജൈവവേലി മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം ഗുണമേന്മയുള്ള തൈകൾ നിർമ്മാണം.<br>**കണ്ടറിയാൻ ഒരു യാത്ര**<br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്താൻ ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം കാവുകൾ സന്ദർശനം കണ്ടൽക്കാട് നിരീക്ഷണം പുഴയെ പുഴയെ അറിയാൻ യാത്രകൾ<br>**പരീക്ഷണ കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു . പിന്നാക്ക | അക്കാദമിക വർഷം<br><br>ജൂലൈ<br><br>ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ ഊർജ്ജക്ലബ്ബ് സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ്<br><br>ശാസ്ത്ര അധ്യാപകർ ഊർജ്ജക്ലബ്ബ് സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ്<br><br>ശാസ്ത്ര അധ്യാപകർ ഊർജ്ജക്ലബ്ബ് സയൻസ് ക്ലബ്ബ് | PTA<br><br>രക്ഷിതാക്കൾ |

SNUPS KOLLAYIL

| | | | | |
|---|---|---|---|---|
| | ക്കാരായ കുട്ടികളെ പരീക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിത്തം | | ഹെൽത്ത് ക്ലബ്ബ് | |

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 2. ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | **മാസ്റ്റർ മൈൻഡ്**<br>ഊർജ്ജക്ലബ്ബ് ആരോഗ്യ ക്ലബ്ബ് ശാസ്ത്ര ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ ഊർജ്ജക്ലബ്ബ് സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ എക്സ്പ്ലോർ**<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്രപാഠവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയച്ചുവർ സ്കൂളിൽ നിർമ്മിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |

SNUPS KOLLAYIL

| | | | | |
|---|---|---|---|---|
| | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി | **മുഖാമുഖം**<br>ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതനശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ, സയൻസ് ക്ലബ്ബ് | PTA, സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രജ്ഞൻ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |
| | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |

SNUPS KOLLAYIL

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കാൻ | **Atal Tinkering Laboratory** പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. **3D** പ്രൊജക്ടർ നേരിട്ട് കാണാൻ സാധ്യതയില്ലാത്ത **Fullerine** പോലുള്ള മൂലകങ്ങളും അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ചു കൊടുക്കുന്നു ഇലക്ട്രോണിക് റോബോട്ടിക് സാധ്യതകൾ ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |

SNUPS KOLLAYIL

| മേഖല യു.പി. സോഷ്യൽ സയൻസ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ , ആശയങ്ങൾ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട് -കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹികശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന അറിവ് പരിശോധിക്കുന്നത് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്രം ക്ലബ്ബ് |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തല മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതികൾ തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യത ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്രം ക്ലബ്ബ് |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളും വീഡിയോ പ്രദർശിപ്പിച്ചു കുട്ടികളിൽ ചരിത്രപബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്രം ക്ലബ്ബ് |
| | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** | | | |

SNUPS KOLLAYIL

| | | | | |
|---|---|---|---|---|
| 3. ജനാധിപത്യപരമായ ജീവിതാ സമീപനം രൂപപ്പെടുത്തുന്നു. | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോ പങ്കെടുത്ത ജനാധിപത്യ രീതിയിലുള്ള അടിസ്ഥാനതരം മനസ്സിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA, പഞ്ചായത്ത് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങൾ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | **പ്രകൃതി താണ്ഡവം നേർക്കാഴ്ച**<br>ഭൂകമ്പം സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിരക്ഷ സേന ഉദ്യോഗസ്ഥരുടെ സഹായത്തോടെDemonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങൾ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധ്യവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA, പഞ്ചായത്ത്, പ്രാദേശിക സന്നദ്ധ സംഘടനകൾ, ജാഗ്രത സെൽ |
| 5.സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച വിദ്യാർഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA, സ്കൂൾ ജാഗ്രത സെൽ |

SNUPSKOLLAYIL

| | | | | |
|---|---|---|---|---|
| | നൽകുക മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങൾ ആശ്വാസഹസ്തമാകുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6. വിവര വിനിമയ സാങ്കേതികവിദ്യയുടെ ദുരൂപങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്ക ുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചു ം വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു .<br><br>7. വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു<br><br>8. സാമൂഹ്യശാസ്ത്ര | **ചിലന്തി വലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങൾ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br><br>**കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾ വിധേയമായ കാവുകൾ കണ്ടൽക്കാടുകൾ കണ്ണീർ തടങ്ങൾ ജലാശയങ്ങൾ കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു<br>**പുതുചക്രവാളത്തിലേക്ക്** സിവിൽ സർവീസ് പരീക്ഷകൾ എഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA,<br>സ്കൂളിലെ വിവിധ ക്ലബ്ബുകൾ, ജാഗ്രത സെൽ<br><br>സാമൂഹ്യ ശാസ്ത്രം ക്ലബ്ബ്,PTA |

SNUPS KOLAYIL

| | | | | |
|---|---|---|---|---|
| വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടന്ന രീതിയിൽ ഉള്ള ചോദ്യോത്തര വേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്രം ക്ലബ്ബ്,PTA |

**മേഖല യു.പി. ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| 1. സംഖ്യാബോധം, അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകളും സംഖ്യാബോധവും ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ ഫ്ലാഷ് കാർഡ് ......എന്നിവ ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2. ഗണിതമേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | 1. ക്ലബ്ബ് രൂപീകരണം<br>2. ഗണിത ക്വിസ് മനകണക്ക് മത്സരം ഗണിതാശയങ്ങൾ അടിസ്ഥാനമാക്കി ചിത്രങ്ങൾ | ജൂൺ | ഗണിത അധ്യാപകർ | |

SNUPS KOLLAYIL

| | | | | |
|---|---|---|---|---|
| | പ്രവർത്തന മാതൃകകൾ, രൂപങ്ങൾ നിർമിക്കുന്നു പ്രദർശിപ്പിക്കുന്നു. | ആവശ്യാനുസരണം | ഗണിത ക്ലബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| 3.ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൾ ലാബിൽ വെച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4. ന്യൂമാറ്റ്സ്, USS പരിശീലനം | തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു | ജൂലൈ മുതൽ ഫെബ്രുവരി വരെ | ഗണിത അധ്യാപകർ | |
| 5. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന | ആഴ്ചയിൽ ഒരു പീരീഡ് | ഗണിത അധ്യാപകരും സമർഥരായ | |

| | | | | |
|---|---|---|---|---|
| കുട്ടികളെ മുൻനിരയിലേക്കെത്തിക്കുന്നു. | കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | | കുട്ടികളും | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| 6. വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. സ്കൂൾ തല ഗണിത ശാസ്ത്രമേള സംഘടിപ്പിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലനം നൽകുന്നു. | ആഗസ്റ്റ് മുതൽ | SRG, ഗണിത അധ്യാപകർ, ഗണിത ക്ലബ്ബ് | |
| 7. ICT സാധ്യതകൾ ഗണിത പഠനത്തിനായി | പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി ഐ ടി | ആവശ്യാനുസരണം | ഗണിത | |

SNUPS KOLLAYIL

| | | | | |
|---|---|---|---|---|
| പ്രയോജനപ്പെടുത്തുന്നു. | സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | | അധ്യാപകർ | |

| **മേഖല യു.പി. അറബിക് (العربية)** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **പിന്തുണ** |
| 1. **5,6,7** ക്ലാസ്സുകളിൽ അറബി പഠിക്കുന്ന മുഴുവൻ കുട്ടികളെയും എഴുത്തും വായനക്കും പ്രാപ്തരാക്കുക.<br><br>2. സംഭാഷണ അഭിരുചി | • എഴുത്തിലും വായനയിലു (قراءة،كتابة) മുള്ള കുട്ടികളുടെ നിലവിലെ സ്ഥിതി പരിശോധിക്കൽ<br>• വിശകലനം നടത്തി കുട്ടികളെ തരം തിരിക്കൽ.<br>• വായനാമത്സരം സംഘടിപ്പിക്കൽ.<br>• എഴുത്തിന്റെ രൂപങ്ങൾ മനസ്സിലാക്കി കൊടുക്കുന്നു. (خط الركعي،خط لنسخي) | ജൂൺ 10-20<br><br>ജൂൺ 30<br><br>ജൂലൈ 1-15<br><br>ഓരോ മാസവും മാർച്ച് വരെ | അറബിക് അധ്യാപകർ | |

SNUPSKOLLAYIL

| | | | | |
|---|---|---|---|---|
| വളർത്തൽ | كلمات التهذيبية<br>ചാർട്ടിൽ<br>ഉപചാരവാക്കുകൾ<br>പരിചയപ്പെടുത്തുന്നു ഐ.ടി യുടെ<br>സഹായത്തോടെ അറബി<br>സംഭാഷണങ്ങൾ പരിചയപ്പെടുത്തുന്നു . | ജൂലൈ- മാർച്ച് | അറബിക് അധ്യാപകർ | |
| 3. പദസമ്പത്ത്<br>വർധിപ്പിക്കൽ | • പദസമ്പത്തിലെ കുറവ് പരിഹരിക്കാൻ നിഘണ്ടു തയ്യാറാക്കൽ.<br>• ക്ലാസ്സിൽ പദപ്പയറ്റ് നടത്തൽ<br>• അറബിക് ക്ലബ് രൂപീകരണം.<br>• ദിനാചരണൾ,പതിപ്പ് നിർമ്മാണം പോസ്റ്റർ ക്വിസ് മത്സരം സംഘടിപ്പിക്കൽ. | മൂന്ന് മാസത്തിലൊരിക്കൽ | അറബിക് അധ്യാപകർ | |
| 4. വ്യവഹാരരൂപങ്ങൾ<br>മനസ്സിലാക്കൽ | വർക്ക്ഷീറ്റുകൾ നൽകി<br>വ്യവഹാര രൂപങ്ങൾ | ആവശ്യാനുസരണം | അറബിക് അധ്യാപകർ | |

SNUPS KOLLAYIL

| | | | | |
|---|---|---|---|---|
| | ലളിതവൽരിക്കുന്നു . | | | |

**മേഖല യു.പി. സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സംസ്കൃതം ഭാഷാ പഠനം അഞ്ചാം ക്ലാസ്സിൽ ആദ്യമായി ആരംഭിക്കുന്നതിനാൽ അഞ്ചാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് സംസ് കൃതം ഭാഷ ഇഷ്ട്ടപെട്ടു പഠിക്കുവാനുള്ള പ്രവർത്തനങ്ങൾ, അക്ഷര പഠന പ്രവർത്തനങ്ങൾ. | 1.മലയാളത്തിൽ സ്ഥിരം ഉപയോഗിക്കുന്ന സംസ്കൃതം പാദങ്ങൾ പരിചയപ്പെടുത്തൽ.<br>2. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് പരിചയപ്പെടുത്തൽ.<br>3. ICT യുടെ സഹായത്താൽ അക്ഷരങ്ങളെ കളർ നൽകി പഠിക്കൽ.<br>4. പാഠപുസ്തകത്തിൽ പുതിയ പദങ്ങൾ കണ്ടെത്തൽ. | ജൂൺ 1 മുതൽ ജൂൺ 15 വരെ | സംസ്കൃതം അധ്യാപകർ | |
| 2. 6,7 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് കഴിഞ്ഞ വർഷം പഠിച്ച അക്ഷരങ്ങൾ, വാക്കുകൾ, പദ നിർമ്മാണന | 1. അക്ഷരങ്ങൾ എഴുതൽ, വായന<br>2. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് പരിചയപ്പെടുത്തൽ<br>3. പടനിർമ്മാണ പ്രവർത്തനങ്ങൾ | ജൂൺ  മുതൽ ജൂൺ 15 വരെ | സംസ്കൃതം അധ്യാപകർ | |

SNUPS KOLLAYIL

| | | | | |
|---|---|---|---|---|
| പ്രവർത്തങ്ങൾ എന്നിവ ഓർമ്മപ്പെടുത്തൽ പാഠഭാഗ പ്രവർത്തനങ്ങൾ | 4. വായന | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3. പാഠഭാഗങ്ങൾ തെറ്റ് കൂടാതെ വിദ്യാർത്ഥികൾ വായിക്കുക. | 1. പാഠ പുസ്തകത്തിലെ നിശ്ചിത ഭാഗം എല്ലാ ദിവസവും വായിപ്പിക്കുക.<br>2. ആകാശവാണി, ദൂരദർശൻ എന്നിവയിലെ ദിവസവും ഉള്ള സംസ്കൃത വാർത്തകൾ കേൾക്കൽ.<br>3. പാഠഭാഗം എഴുതികൊണ്ട് വരിക. | ജൂൺ 16 മുതൽ ജൂൺ 30 വരെ | സംസ്കൃതം അധ്യാപകർ | |
| 4.വിദ്യാലത്തിൽ സംസ്കൃതം പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും ചേർത്ത് സംസ്കൃത ക്ലബ്ബിന്റെ രൂപീകരണം. | 1. എല്ലാ ക്ലാസുകളിലെയും സംസ്കൃതം പഠിക്കുന്ന കുട്ടികളുടെ കൂട്ടായ്മ.<br>2. സംസ്കൃത ഭാഷയിലെ വിവിധ കലാ അഭിരുചികൾ വളർത്തി എടുക്കാനുള്ള വിവിധ മത്സരങ്ങൾ.<br>3. നാടകം അഭിനയം നൃത്തം കഥ കവിത ആലാപനം കലോത്സവത്തിന് ഉള്ള കലാപരിപാടികളുടെ പരിശീലനം. | ജൂൺ 16 മുതൽ സെപ്റ്റംബർ 30 വരെ | സംസ്കൃതം അധ്യാപകർ, സംസ്കൃതം ക്ലബ്ബ് ഭാരവാഹികൾ ഹെഡ്മാസ്റ്റർ | |

GNUPS KOLLAYIL

| | | | | |
|---|---|---|---|---|
| | | | അധ്യാപകർ വിശിഷ്ട അതിഥികൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) വിദ്യാർത്ഥികൾക്ക് സംസ്കൃതഭാഷയിൽ സംഭാഷണം അഭിരുചി വളർത്തുക. | 1. വിദ്യാർഥികളെ കൊണ്ട് പരസ്പരം സംസ്കൃതത്തിൽ ദിവസവും സംസാരിക്കുക<br><br>2. എല്ലാദിവസവും സംസാരിക്കാനുള്ള 10 വാക്കുകൾ പരിചയപ്പെടുത്തുക. | ജൂലൈ 1 മുതൽ ജൂലൈ 31 വരെ | സംസ്കൃതം അധ്യാപകർ | |
| 6) വിദ്യാർത്ഥികളിൽ നിന്ന് സർഗാത്മക സൃഷ്ടികൾ സൃഷ്ടിക്കുക. | 1. സംസ്കൃത കഥകൾ, കവിതകൾ, ലേഖനങ്ങൾ, ഉപനിഷത്തുകൾ, ആപ്തവാക്യങ്ങൾ സുഭാഷിതങ്ങൾ വേദങ്ങൾ പുരാണങ്ങൾ ഇതിഹാസങ്ങൾ എന്നിവ വായിക്കുക എഴുതിപ്പിക്കുക. | ആഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 15 വരെ | സംസ്കൃതം അധ്യാപകർ | |
| 7) സംസ്കൃത ഭാഷാ പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾ ഏറ്റെടുത്ത് നടപ്പിലാക്കൽ | 1. കഥാരചന കവിതാരചന ഉപന്യാസ്ത്ര ജനാധിപര തുടങ്ങിയ വിദ്യാർത്ഥികൾക്ക് ചെയ്ത് പതിപ്പ് തയ്യാറാക്കുക<br><br>2. സ്കൂൾതല സംസ്കൃത ദിനാചരണം നടത്തുക<br><br>3. സബ്ജില്ലാ ജില്ലാ സംസ്ഥാന സംസ്കൃതം ദിനാചരണ പരിപാടികൾ പങ്കെടുക്കുക | സെപ്റ്റംബർ 1 മുതൽ ഒക്ടോബർ 31 | | |

SNUPS KOLLAYIL

| | | | | |
|---|---|---|---|---|
| | 4. സ്കൂൾ സംസ്കൃത കലോത്സവം ജില്ലാ കലോത്സവത്തിന് തയ്യാറാക്കൾ<br>5. സംസ്കൃത സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള തയ്യാറെടുപ്പുകൾ. | വരെ | | |

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|

SNUPS KOLLAYIL

| | | | | |
|---|---|---|---|---|
| 8) വിദ്യാർഥികളുടെ പഠന പുരോഗതി വിലയിരുത്തൽ | 1. മാസംതോറും പഠന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ<br>2. പഠന പ്രവർത്തനങ്ങളുടെ മെച്ചപ്പെടുത്തൽ | നവംബർ 1 മുതൽ ഡിസംബർ 31 | | |
| 9) 5 6 7 ക്ലാസുകളിലെ പാഠഭാഗങ്ങൾ പൂർണമായും പഠിപ്പിച്ച തീർത്ത് പഠന പ്രവർത്തനങ്ങൾ പൂർത്തീകരിക്കൽ | 1. പഠന പ്രവർത്തനങ്ങൾ പൂർത്തീകരിക്കൽ.<br>2. പഠന പ്രവർത്തനങ്ങളുടെ പൂർണ്ണ മൂല്യനിർണയം<br>3. വാർഷിക പരീക്ഷയ്ക്ക് വേണ്ടിയുള്ള തയ്യാറെടുപ്പ്<br>4. വാർഷിക മൂല്യനിർണയം. | 2026 ജനുവരി 1 മുതൽ മാർച്ച് 30 വരെ | | |

**മേഖല യു.പി. ഉർദു**

SNUPS KOLLAYIL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഫണ്ട് | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. **പഠേം ആഗെ ബഢേം** ഉർദ്ദു വായന | വായന മത്സരങ്ങൾ ക്വിസ് മത്സരങ്ങൾ ബാലമാസികകൾ ഉറുദു പത്രങ്ങൾ ,വായന കാർഡുകൾ തുടങ്ങിയവയ്ക്ക് വായനയ്ക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ. | ഉർദു സബ്ജെക്ട് കൗൺസിൽ. | 1500 | എച്ച് എം സബ്ജക്ട് കൗൺസിൽ. |
| 2. **മേരെ അൽഫാസ്** ഉറുദു കയ്യെഴുത്ത് മാഗസിൻ. | രചന ശേഷി വളർത്തൽ ഉറുദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈയെഴുത്ത് എന്നീ ലക്ഷ്യം പൂർത്തീകരിക്കുന്നതിനും കുട്ടികളിലെ സർഗ്ഗാത്മകത വളർത്തുന്നതിനും വേണ്ടി കൈയ്യെഴുത്തു മാസിക ചുമർ പത്രിക നിർമ്മാണം വായന കാർഡ് നിർമ്മാണം. | ടേം ൽ 1 വീതം | ഉർദു സബ്ജെക്ട് കൗൺസിൽ. | 1000 | എച്ച് എം സബ്ജക്ട് കൗൺസിൽ. |
| 3. **e- ദുനിയ** ഉറുദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉറുദു ടൈപ്പിംഗ് പരിശീലനം പ്രിന്റ് പതിപ്പുകൾ വായന കാർഡ് തുടങ്ങിയവർ തയ്യാറാക്കൽ. | ഒരു വർഷം | ഉർദു ക്ലബ്ബ് സബ്ജറ്റ് കൗൺസിലർ | 1000 | എച്ച് എം സബ്ജക്ട് കൗൺസിൽ. |

SNUPS KOLLAYIL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഫണ്ട് | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 4. **ഡിജിറ്റൽ മാഗസിൻ** | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി ക്കൊണ്ട് ഡിജിറ്റൽ തയ്യാറാക്കൽ . | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2500 | എച്ച് എം സബ്ജക്ട് കൗൺസിൽ. |
| 5. ഖസാന- എ ഇൽമ് പൊതുവിജ്ഞാനം | പൊതുവായതും ഉറുദുവിലെ ഉള്ളതുമായ പൊതുവിജ്ഞാനം കുട്ടികൾ ലഭിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 200 | എച്ച് എം സബ്ജക്ട് കൗൺസിൽ. |
| 6. മുശാഇറ | ഉറുദു ഗസലിനെയും ഹിന്ദുസ്ഥാനി സംഘത്തിനും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | എച്ച് എം സബ്ജക്ട് കൗൺസിൽ. |

SNUPS KOLLAYIL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഫണ്ട് | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 7. **ഹം മിലേം** ഉർദു ക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപാഷിപ്പിക്കുന്നതിനുതകും വിധം കവിത കഥ ഉപന്യാസ ക്യാമ്പുകൾ നടത്തുക ഉറുദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | എച്ച് എം സബ്ജക്ട് കൗൺസിൽ. |
| 8. ഷോർട്ട് ഫിലിം | കുട്ടികളിൽ അഭിനയ കഴിവും അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയസംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 6000 | എച്ച് എം സബ്ജക്ട് കൗൺസിൽ. |
| 9. ഉർദു ദിനം | ടാലന്റ് മീറ്റ് അക്ഷരമരം ഭാഷാ സെമിനാർ എന്റെ പതിപ്പ് | അതാത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 2000 | എച്ച് എം സബ്ജക്ട് കൗൺസിൽ. |
| 10. വായന ആസ്വാദനം | കുട്ടി വായന അമ്മയും കുഞ്ഞും വായന ആസ്വാദനക്കുറിപ്പ് പുസ്തക ചർച്ച ക്വിസ് മത്സരം മെഗാ ക്വിസ് | ഒരു വർഷം | ഉർദു ക്ലബ്ബ് | 700 | എച്ച് എം സബ്ജക്ട് കൗൺസിൽ. |

SNUPS KOLLAYIL

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഫണ്ട് | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 11. തലാഷ് | പ്രാദേശിക പഠന യാത്രകൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | എച്ച് എം സബ്ജക്ട് കൗൺസിൽ. |
| 12. ദിനാചരണങ്ങൾ | ഭാഷാശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതാത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച് എം സബ്ജക്ട് കൗൺസിൽ. |
| 13. തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2000 | എച്ച് എം സബ്ജക്ട് കൗൺസിൽ. |
| 14. **ഉർദു കെ മോത്തിയാം** ഉർദു സാഹിത്യ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും കലാകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉർദുവിനെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 500 | എച്ച് എം സബ്ജക്ട് കൗൺസിൽ. |

SNUPS KOLLAYIL